കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 16 | 2023 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

# അയ്യന്റെ പൂങ്കാവനത്തെ പുണ്യമാക്കി 'വിശുദ്ധി സേന'

ശബരിമലയിലെ പ്രധാനമാണ് മെറൂൺ യൂണിഫോമിൽ ചെറു സംഘങ്ങളായി തിരിഞ്ഞ് പ്രായഭേദമെന്യ ശുചീകരണ പ്രവർത്തനങ്ങളിൽ മുഴുകുന്ന വിശുദ്ധിസേന. വലിയ നടപ്പന്തലിലും, പമ്പയിലും, മരക്കൂട്ടത്തും അപ്പാച്ചി മേട്ടിലും, സന്നിധാനത്ത് മുക്കിലും മൂലയിലും ശുചീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായ ഈ ചെറുസംഘങ്ങൾ ഭക്തർക്ക് ശുചിത്വ ബോധമുണർത്തുന്ന കാഴ്ച കൂടിയാണ്. തങ്ങൾക്ക് നിർദ്ദേശിച്ചു നൽകിയിരിക്കുന്ന സ്ഥലങ്ങളിലെ മാലിന്യങ്ങൾ ട്രെയിലറുകൾ നിറയെ വാരിക്കൂട്ടുന്ന ഈ സംഘങ്ങൾക്ക് അയ്യപ്പസ്വാമിയുടേയും പൂങ്കാവനത്തിന്റെയും വിശുദ്ധി കാത്തുസൂക്ഷിക്കുക എന്നതു മാത്രമാണ് ലക്ഷ്യം.

ശബരിമല തീർത്ഥാടന കാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ്, പന്തളം, കുളനട എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് ശബരിമല സാനിറ്റേഷൻ സൊസൈറ്റിയാണ്. 1995ൽ രൂപീകൃതമായ ശബരിമല

സാനിറ്റേഷൻ സൊസൈറ്റിക്ക് കീഴിലാണ് വിശുദ്ധി സേനാഗംങ്ങൾ പ്രവർത്തിക്കുന്നത്. ശബരിമല സാനിറ്റേഷൻ സൊസൈറ്റി തമിഴ്നാട് അയ്യപ്പസംഘം മുഖേനയാണ് വിശുദ്ധിസേനാംഗങ്ങളെ നിയോഗിക്കുന്നത്.

ഈ വർഷം 1000 വിശുദ്ധിസേനാംഗങ്ങളെയാണ് സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ നിയോഗിച്ചിരിക്കുന്നത്. സന്നിധാനത്ത് മാത്രം 305 പേരാണ് ശുചീകരണത്തിനായുള്ളത്. പമ്പയിൽ 300 പേരും നിലയ്ക്കൽ ബേസ് ക്യാമ്പിൽ 350 പേരുമാണുള്ളത്. പന്തളത്തും കുളനടയിലും ഇവരെ വിന്യസിച്ചിട്ടു ്. ഇവരിൽ ഭൂരിഭാഗം പേരും തമിഴ്നാട് സേലം സ്വദേശികളാണ്.

(പി.ആർ. ശബരി- 299)

# കർണാടക ആഭ്യന്തര മന്ത്രി ദർശനം നടത്തി

കർണാടക ആഭ്യന്തര മന്ത്രി അരഗ ജ്ഞാനേന്ദ്ര ശബരിമലയിൽ ദർശനം നടത്തി. ഇരുമുടിക്കെട്ടേന്തി വന്ന മന്ത്രി തിങ്കളാഴ്ച വൈകിട്ട് അഞ്ചിനാണ് ദർശനം നടത്തിയത്.

**ഫോട്ടോ ക്യാപ്ഷൻ: കർണാടക ആഭ്യന്തര മന്ത്രി അരക ജ്ഞാനേന്ദ്ര ശബരിമലയിൽ ദർശനം നടത്തുന്നു**

(പി.ആർ. ശബരി- 300)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.